بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# ജുമുഅഃ ഖുത്ബ സംഗ്രഹം 24.05.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

അല്ലാഹു ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന്റെ വാഗ്ദാനം നൽകിയിട്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ സൗഭാഗ്യം തന്നത് നമുക്ക് മേലുള്ള അല്ലാഹുവിന്റെ ഔദാര്യമാകുന്നു. അല്ലാഹുവിന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവുമനുസരിച്ച് നബി(സ)ന്റെ ദാസത്വത്തിൽ ഇസ്‌ലാം ദീനിന്റെ പരിഷ്കരണത്തിനുവേണ്ടിയാണ് അദ്ദേഹം അയക്കപ്പെട്ടത്. അല്ലാഹുവിന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവുമനുസരിച്ച് തന്നെ അദ്ദേഹം ഉണ്ടാക്കിയ ജമാഅത്തിൽ ഖിലാഫത്ത് സംവിധാനവും നിലവിൽ വരികയുണ്ടായി. ഇങ്ങനെ അല്ലാഹുവിന്റെ വാഗ്ദാനവും തിരുനബി(സ)ന്റെ പ്രവചനവും പുലർന്നതിന്റെ പ്രകടനം എന്ന നിലക്കാണ് ലോകത്ത് അഹ്മദിയ്യത്ത് സ്ഥാപിതമായ സ്ഥലങ്ങളിലെല്ലാം നമ്മൾ എല്ലാ വർഷവും മെയ് 27 ന് ഖിലാഫത്ത് ദിനം ആചരിക്കുന്നത്. മെയ് 26 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായി. മെയ് 27 ന് ദൈവിക വാഗ്ദാന പ്രകാരം ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് അവ്വൽ ആയി തിരഞ്ഞെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ കയ്യിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കർത്തവ്യങ്ങളെ തുടർന്നുകൊണ്ടുപോകാമെന്നുള്ള ശപഥവും ബയ്അത്തും ചെയ്യുകയുണ്ടായി. പിന്നെ അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ കൈകളിൽ ജമാഅത്ത് ഒന്നിച്ചുചേർന്നു. പിന്നെ മൂന്നും തുടർന്ന് നാലാം ഖിലാഫത്തും ആരംഭിച്ചു. ഓരോ കാലത്തും ശത്രുക്കൾ ജമാഅത്തിനെ ഉന്മൂലനം ചെയ്യാൻ ഒരുപാട് പരിശ്രമിക്കുകയുണ്ടായി. എല്ലാ നിലക്കും പരാജയത്തിന്റെ മുഖമാണ് അവർ ദർശിച്ചത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് വഫാത്തായപ്പോൾ വീണ്ടും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതിന്റെ ജ്യോതിസ്സ് കാണിക്കുകയുണ്ടായി. അഞ്ചാം ഖിലാഫത്തിന്റെ തെരഞ്ഞെടുപ്പ് നടന്നു. അല്ലാഹു എനിക്ക് എന്റെ നിരവധി ദൗർബല്യങ്ങൾ ഉണ്ടെങ്കിൽപോലും സഹായവും പിന്തുണയും നൽകി അനുഗ്രഹിച്ചു. ജമാഅത്തിന്റെ പുരോഗതിയുടെ ചുവടുകൾ മുന്നോട്ടു തന്നെ നീങ്ങിക്കൊണ്ടിരുന്നു. ഇക്കാലഘട്ടത്തിൽ ഡസൻ കണക്കിന് രാജ്യങ്ങളിൽ ജമാഅത്തും ജമാഅത്ത് സംവിധാനവും കൃതമായ നിലയിൽ സ്ഥാപിതമാകുകയും ചെയ്തു. നൂറുക്കണക്കിന് പട്ടണങ്ങളിലും നാടുകളിലും അല്ലാഹു താൻ തന്നെ ജനങ്ങളെ സന്മാർഗദർശനം നൽകി ഖിലാഫത്തിനോടുള്ള അവന്റെ സഹായത്തിന്റെയും പിന്തുണയുടെയും ദൃശ്യങ്ങൾ കാണിച്ചുകൊടുത്തുകൊണ്ട് ജനഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള ആവേശമുണ്ടാക്കുകയും ആത്മാർഥരായ ആളുകളുടെ ജമാഅത്തുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്തു. ഈ ദൃശ്യങ്ങൾ അല്ലാഹു കാണിച്ചു തന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അല്ലാഹു തന്റെ വാഗ്ദാനം മറക്കുന്നവനോ ഒഴിവാക്കുന്നവനോ അല്ല; അതുപോലെ തന്റെ ഏറ്റവും പ്രിയപ്പെട്ട നബി ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പ്രവചനങ്ങൾ പൂർത്തിയാക്കുന്നതിൽ എന്തെങ്കിലും കുറവ് വരുത്തുകയോ ചെയ്യുന്നവനും അല്ല. നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് സ്ഥാപിതമാകുമെന്ന പ്രവചനം പുലർന്നതായി കണ്ട നമ്മൾ സൗഭാഗ്യവാന്മാരാകുന്നു. നബി(സ)ന്റെ സത്യദാസന്റെ ജമാഅത്തുമായി ഒട്ടിച്ചേർന്ന് നിൽക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി മാറുന്നതാണ്. മസീഹ് മൗഊദ്(അ) പറഞ്ഞു: എനിക്കുശേഷം ജമാഅത്തിൽ നബി(സ)ന്റെ പ്രവചനപ്രകാരം ഖിലാഫത്ത് തുടരുന്നതാണ്. ഞാൻ ഖാത്തമുൽ ഖുലഫാഅ് ആകുന്നു. ഇനി ഖിലാഫത്തിന്റെ സ്ഥാനം, എന്നെ പിൻപറ്റുന്നവർക്ക് മാത്രമാണ് അല്ലാഹു നൽകുക.

ആയതിനാൽ ഭൗതികമായി എത്ര പരിശ്രമിച്ചാലും ഹദ്റത്ത് മസീഹ് മൗഊദ്[അ]ൽനിന്ന് വേറിട്ടു നിന്നു കൊണ്ട് ഒരിക്കലും ഖിലാഫത്ത് സ്ഥാപിക്കാൻ കഴിയില്ല.

തന്റെ മരണം സമീപസ്ഥമായപ്പോൾ ആ മഹാത്മാവ് ഖിലാഫത്ത് സ്ഥാപിക്കപ്പെടുന്നതിനെ സംബന്ധിച്ച് അറിയിപ്പ് നൽകിക്കൊണ്ട് പറയുന്നു: ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണ് വെളിപ്പെടുന്നത്. ഒന്നാമതായി പ്രവാചകൻമാരുടെ കരങ്ങളിലൂടെ അല്ലാഹു സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാക്കുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനു ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടി വരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങൾ താറുമാറായെന്ന് കരുതപ്പെടുകയും ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പാക്കുകയും, കൂടാതെ ജമാഅത്തിലെ അംഗങ്ങൾ അങ്കലാപ്പിലകപ്പെടുകയും അവരുടെ ധൈര്യം ചോർന്ന് പോവുകയും, തുടർന്നു പല ഹതഭാഗ്യവാന്മാരും മുർത്തദ്ദാവാനുള്ള വഴി അവലംബിക്കുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽകൂടി വെളിപ്പെടുത്തിക്കൊണ്ട് വീഴാനായുള്ള ജമാഅത്തിനെ സംരക്ഷിക്കുന്നു. അതിനാൽ അവസാനം വരെയും സഹനം കൊള്ളുന്നവർ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർത്ഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടു വിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. ആയതിനാൽ ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചു കളയുമെന്നത് സംഭവ്യമല്ല. അതിനാൽ ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾ കാരണം നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരും ആകരുത്. എന്തെന്നാൽ, നിങ്ങൾക്ക് രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാണ്. എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാണ്. ഞാൻ പോകാത്തിടത്തോളം രണ്ടാമത്തെ ദിവ്യശക്തി വരാൻ സാധ്യമല്ല.

അനുബന്ധമായി ഒരു കാര്യം പറയട്ടെ, ഇതിൽ നിന്ന് ഞാൻ ഒരു കാര്യം എടുക്കാറുള്ളതെന്തെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ പ്രായത്തെപ്പറ്റി ചർച്ച ചെയ്യുന്നവർക്കും ഇതിൽ മറുപടിയുണ്ട്. ആ മഹാത്മാവ് തന്റെ ആയുസ്സ് എണ്ണിപ്പറഞ്ഞുകൊണ്ട് ഇത്ര വർഷം കൂടിയുണ്ട് എന്നല്ല പറഞ്ഞത്. മറിച്ച് തന്റെ തിരിച്ചുപോക്കിനെ പറ്റി സൂചന മാത്രമാണ് നൽകിയത്. പ്രായത്തെ സംബന്ധിച്ച ചർച്ചക്ക് അല്ല; മറിച്ച് കർത്തവ്യ പൂർത്തീകരണത്തിനാണ് പ്രാധാന്യം നൽകിയത്. ഏതായാലും തുടർന്ന് പറയുന്നു: ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്കുവേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. ബറാഹീനെ അഹ്മദിയായിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല. മറിച്ച്, അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു; നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെമേൽ അന്ത്യദിനം വരെ ഞാൻ വിജയം നൽകുന്നതാണ്. അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദനത്തിന്റെ ദിനം വെളിപ്പെടുടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യവാനും വിശ്വസ്തതനും വാഗ്ദാനം പാലിക്കുന്നവനുമാണ്. അവൻ വാഗ്ദാനം ചെയ്തതെല്ലാം നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. ഈ ദിവസം ലോകവസാനത്തിന്റെ ദിനമായാലും വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ അറിയിച്ച കാര്യങ്ങളെല്ലാം പൂർത്തിയാകുന്നത്വരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും.

അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ആ മഹാത്മാവിന്റെ വിയോഗത്തിനുശേഷം ഖിലാഫത്ത് കാലഘട്ടത്തിൽ ജമാഅത്ത് കൂടുതൽ അഭിവൃദ്ധിയുടെ ഘട്ടങ്ങൾ താണ്ടിക്കൊണ്ടിരിക്കുന്നു. വിദൂര പ്രദേശങ്ങളിൽ കഴിയുന്ന ഖലീഫയെ കാണുക പോലും ചെയ്യാത്ത ആളുകളുടെ ഹൃദയങ്ങളിലും അല്ലാഹു സ്വയം വഴിയൊരുക്കിക്കൊണ്ട് അവരെ ഖിലാഫത്തിന്റെ പതാകക്ക് കീഴിൽ വരാൻ സന്മാർഗം നൽകുന്നു. ഖിലാഫത്തിനോടുള്ള അല്ലാഹുവിന്റെ പിന്തുണയുടെ ദൃശ്യങ്ങൾ നമുക്ക് കാണാൻ കഴിയുന്ന ചില സംഭവങ്ങൾ കേൾപ്പിക്കാം.

ബുർക്കിനോഫാസോയിലെ ഒരു ജമാഅത്തിൽ ആദ്യമായി എം.ടി.എ വെച്ചു; അങ്ങനെ ആദ്യമായി ആളുകൾ കാലത്തിന്റെ ഖലീഫയെ കണ്ടപ്പോൾ അവരുടെ കണ്ണുകൾ ഈറനണഞ്ഞു. സന്തോഷം അവരുടെ മുഖത്ത് പ്രകടമായിരുന്നു. എം.ടി.എയിൽ കാലത്തിന്റെ ഖലീഫയെ കാണുമ്പോൾ കണ്ണുകൾക്ക് കുളിർമയും ഹൃദയത്തിന് സമാധാനവും ലഭിക്കുന്നു എന്നവർ പറയാൻ തുടങ്ങി.

ഗാംബിയയിലെ അമീർ സാഹിബ് എഴുതുന്നു, ഒരു മോട്ടോർ മെക്കാനിക്ക് ഞാൻ പ്രഭാഷണം നടത്തുന്നത് കാണാനിടയായപ്പോൾ പറഞ്ഞു:

ഈ വ്യക്തിക്ക് അല്ലാഹുവിന്റെ സഹായം ലഭിക്കുന്നുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല. അങ്ങനെ അദ്ദേഹം തന്റെ കുടുംബത്തിലെ 14 ആളുകളോടൊപ്പം ബയ്അത്ത് ചെയ്യുകയുണ്ടായി.

ജർമനിയിലെ തബ്‌ലീഗ് സെക്രട്ടറി എഴുതുന്നു, ഒരു അറബി സ്റ്റാളിൽ വന്ന് ഖുർആൻ തർജമ കൊണ്ടുപോകുകയും ജർമനി ജൽസാ സാലാനയിൽ പങ്കെടുക്കാൻ അദ്ദേഹത്തെ ക്ഷണിക്കുകയുമുണ്ടായി. തന്റെ പരീക്ഷ കാരണം തനിക്ക് പകരം തന്റെ മൂത്ത സഹോദരനെയും മറ്റൊരു കുടുംബക്കാരനെയും അയക്കുകയും ചെയ്തു. ജൽസയിൽ എത്തിയ അദ്ദേഹത്തിന്റെ സഹോദരൻ എന്റെ പ്രസംഗം കേട്ടതിനുശേഷം പറയുന്നു: ഈ വ്യക്തി തീർച്ചയായും ദൈവിക സഹായമുള്ള ആളാകുന്നു. അദ്ദേഹം അന്ന് രാത്രി തന്നെ ബയ്അത്ത് ഫോറം പൂരിപ്പിച്ചു അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി.

കാമറൂണിലെ ഒരു പട്ടണത്തിലെ 8 കുടുംബങ്ങൾ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഈ നവഅഹ്മദികൾ പറയുന്നു: എം.ടി.എ. ഞങ്ങളുടെ കുട്ടികളുടെ ജീവിതം മാറ്റിമറിച്ചിരിക്കുന്നു. അതിൽ ഒരു യുവാവിന് തന്റെ സ്കൂൾ ടീച്ചർ ജുമുഅ ദിവസം ഖുത്ബ കേൾക്കാൻ അനുവധിച്ചിരുന്നില്ല. അവൻ പറഞ്ഞു: എനിക്ക് സ്കൂൾ ഒഴിവാക്കിയാലും ഖുത്ബ ഒഴിവാക്കാൻ കഴിയില്ല.

ബുർകിനോ ഫാസോയിൽ ഒരാൾ എം.ടി.എ. യിൽ എന്നെ കണ്ടപ്പോൾ പറഞ്ഞു: ഈ വ്യക്തിയെ ഞാൻ നേരത്തേയും സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. അങ്ങനെ അദ്ദേഹം അതേ സമയത്ത് യാതൊരു തെളിവും ആവശ്യപ്പെടാതെ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി. ആ ഗ്രാമത്തിൽ നിരവധി ആളുകൾ അഹ്മദിയ്യത്ത് സ്വീകരിക്കുകയുണ്ടായി. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ഗ്രാമത്തിൽ ഉറച്ച ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു.

ഇതിന്റെ തുടർച്ചയായി ഹുസൂർ തിരുമനസ്സ് കിർഗിസ്ഥാൻ, ഗിനി ബസാവോ, കോംഗോ കൻ സാഷ, സെനഗൽ, ബൽജിയം, ഗാംബിയ, മാലി, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിൽ ഖിലാഫത്തിനോട് ഉള്ള അല്ലാഹുവിന്റെ പിന്തുണയും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുന്നതിന്റെ ദൃശ്യങ്ങളുമടങ്ങുന്ന വിശ്വാസവർധക സംഭവങ്ങൾ വിവരിച്ചതിനുശേഷം പറഞ്ഞു: ഈ ഏതാനും സംഭവങ്ങളിൽ നിന്ന് ജനഹൃദയങ്ങളെ തുറക്കുന്ന ദൈവിക സഹായത്തെ കാണാൻ കഴിയുന്നു. അന്യരുടെ ഹൃദയങ്ങളിലും അഹ്മദിയ്യാ ഖിലാഫത്തിന്റെ പ്രഭാവം ഉണ്ടാക്കുന്നു. സൽപ്രകൃതക്കാരെ ഖിലാഫത്തുമായി അടുപ്പിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ 118 വർഷത്തെ ചരിത്രത്തിലെ ഓരോ ദിവസവും അല്ലാഹു താൻ തന്നെ ഖിലാഫത്തിനെ പിന്തുണക്കുന്നുവെന്നും ജമാഅത്ത് എല്ലാ ദിവസവും പുരോഗതിയിലേക്ക് നീങ്ങുകയാണെന്നും സാക്ഷ്യം നൽകുന്നു. അല്ലാഹു എനിക്കും അവന്റെ പ്രത്യേക അനുഗ്രഹത്താൽ ഈ ഉത്തരവാദിത്വം നിറവേറ്റാനുള്ള തൗഫീഖ് നൽകട്ടെ. എല്ലാ അഹ്മദികൾക്കും തികവുറ്റ കൂറോടും അത്മാർഥതയോടും ഖിലാഫത്തിനോട് പ്രതിബദ്ധത പുലർത്താൻ തൗഫീഖ് നൽകട്ടെ. മസീഹ് മൗഊദ്(അ) നോട് അല്ലാഹു ചെയ്ത എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാവുകയും അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ലോകത്ത് ഏകദൈവത്തിന്റെ രാജാധികാരം സ്ഥാപിതമാകുകയും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ പതാക പാറിപ്പറക്കുന്ന ദൃശ്യം ലോകം കാണുകയും ചെയ്യുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ചൗധരി ഇദ്‌രീസ് നസറുല്ലാഹ് ഖാൻ സാഹിബിനേയും ഖമർ ഇദ്‌രീസ് സാഹിബിനെയും അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهُ- وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 24.05.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T.Jamshad Mukkam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516